# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3194** **10.12.2018 -ൽ മറുപടിക്ക്**

## സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) നിലവിൽ പരമാവധി എത്ര തൊഴിലാളികളെയാണ് ഒരു സ്കൂളിൽ നിയമിച്ചിട്ടുള്ളത്; | എ & ബി) ഉണ്ട്. 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ങ്ത്തുള്ള സ്കൂളുകളിൽ ഒരു പാചക തൊഴിലാളിയെയും 500 ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചക തൊഴിലാളികളെയും നിയമിക്കാവുന്നതാണ്. |
| സി) കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽപേരെ നിയമിക്കുന്നതിന് അനുമതി നൽകുമോ; | സി) ഈ കാര്യം പരിശോധിച്ച് വരുന്നു. |
| ഡി) പാചകത്തൊഴിലാളികൾക്ക് നിലവിൽ നൽകുന്ന വേതനം വളരെ കുറവാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രതിമാസം 11000 രൂപയെങ്കിലും വേതനമായി നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി) സ്കൂൾ പാചകതൊഴിലാളികൾക്ക് കേന്ദ്ര മാനവ വിഭവശേഷിമന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം നിലവിൽ 1000/( ആയിരം) രൂപയാണ്.(60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും) ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഈ നിരക്കിലാണ് ഓണറേറിയം നൽകിവരുന്നത്. എന്നാൽ കേരളത്തിൽ സ്കൂൾ പാചകതൊഴിലാളികൾക്ക് കേന്ദ്ര നിരക്കിനേക്കാൾ വളരെ ഉയർന്ന ഓണറേറിയമാണ് നൽകുന്നത്. നിലവിൽ 150 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിന് പ്രതിദിനം 400/- രൂപ മിനിമം ഓണറേറിയമായി നൽകുന്നു. 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസവീതം എന്ന തോതിൽ കണക്കാക്കി പരമാവധി ഓണറേറിയം പ്രതിദിനം 475/- രൂപയാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ